ഉത്തരം

(എ) അനുവദിച്ചിട്ടില്ല.

(ബി, സി) പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 269 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കപ്പെടുന്നു. അതനുസരിച്ചുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് ജില്ലയിൽ പുഷ്പകൃഷി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം

70 [2933] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04-ലെ പുഷ്പകൃഷി വികസനത്തിന് പാലക്കാട് ജില്ലയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നുവോ; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു;

(ബി) പ്രസ്തുത ജില്ലയിൽ ഐ.ഒ.ബി.-യിൽ നിന്നും വായ്പ തുക ലഭിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പുഷ്പകൃഷി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അഴിമതി നടന്നിട്ടുണ്ടെന്നുള്ളതു സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തെരഞ്ഞെടുത്തിരുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ താൽപ്പര്യമുള്ള കർഷകരെയാണ് തെരഞ്ഞെടുത്തത്. സ്ഥലമില്ലാത്ത വ്യക്തികൾക്ക് പാട്ടത്തിന് സ്ഥലമെടുത്ത് കൃഷി ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ ബുദ്ധിമുട്ടായതുകൊണ്ട് വ്യക്തിപരമായി കൃഷി ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly